SREENARAYANAGURU OPEN UNIVERSITY

Admission to UGC Approved Programmes_ March 2023

INSTRUCTIONS FOR APPLICANTS

1. ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ അഡ്മിഷൻ തേടുന്ന എല്ലാ അപേക്ഷകരും സർവകലാശാലയുടെ ഔദ്യോഗിക അഡ്മിഷൻ പോർട്ടലിൽ ഓൺലൈൻ ആയി അപേക്ഷ നൽകേണ്ടതാണ്. നേരിട്ടുള്ള അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

2. എല്ലാ അപേക്ഷകർക്കും **സ്വന്തമായി ഉപയോഗത്തിലുള്ള മൊബൈൽനമ്പറും ഇ-മെയിൽ ഐഡിയും** നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. അപേക്ഷാസമയത്തു നൽകുന്ന മൊബൈൽ നമ്പർ/ഇ-മെയിൽ ഐഡി ആണ് പിന്നീടുള്ള ആശയവിനിമയത്തിന് ഉപയോഗിക്കുക.

3. അപേക്ഷയോടൊപ്പം ശരിയായ വിവരങ്ങൾ മാത്രം നൽകാൻ ശ്രദ്ധിക്കുക. വിവരങ്ങളിൽ വരുന്ന പിഴവുകൾ അപേക്ഷ നിരസിക്കപ്പെടാൻ കാരണമായേക്കാം.

4. അപേക്ഷ സംബന്ധിച്ചുള്ള സംശയനിവാരണത്തിനായി സർവകലാശാലയുടെ വെബ്സൈറ്റോ (www.sgou.ac.in), ഇമെയിൽ മുഖേനയോ (admission23@sgou.ac.in) ഹെൽപ്ഡെസ്ക് നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യുക (9188909901, 9188909902). മറ്റുകേന്ദ്രങ്ങളിൽ നിന്ന് ലഭിക്കുന്ന വിവരങ്ങളെ ആശ്രയിച്ചുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് സർവകലാശാലയ്ക്ക് യാതൊരുവിധ ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

5. അപേക്ഷയിൽ നൽകിയ വിവരങ്ങൾ പുനഃപരിശോധിച്ചു ശരിയെന്നുറപ്പുവരുത്തിയ ശേഷം മാത്രം Final Submit ചെയ്യുക. Final Submit ചെയ്ത ശേഷം വിവരങ്ങൾ തിരുത്താൻ വെബ്സൈറ്റിൽ സൗകര്യം ലഭിക്കില്ല.

6. അഡ്മിഷന് അർഹതയുള്ള അപേക്ഷകർ സർട്ടിഫിക്കറ്റ് പരിശോധനക്കായി അതാത് റീജിയണൽ സെന്ററുകളിൽ തിരഞ്ഞെടുത്ത തീയതിയിലും സമയത്തും ഹാജരാകേണ്ടതാണ്. സർട്ടിഫിക്കറ്റ് പരിശോധനയിൽ അയോഗ്യതയോ വ്യാജരേഖകളോ തെറ്റായ വിവരങ്ങളോ കണ്ടെത്തിയാൽ അപേക്ഷ നിരസിക്കപ്പെടുന്നതാണ്.

7. കേരളത്തിലെ എല്ലാ ജില്ലകളിലും പഠന കേന്ദ്രങ്ങൾ (LSC) സജ്ജമാക്കിയിട്ടുണ്ട്. അപേക്ഷകർ തിരഞ്ഞെടുക്കുന്ന പഠനകേന്ദ്രം ഉൾപ്പെടുന്ന റീജിയണൽ സെന്ററിലാണ് സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാകേണ്ടത്.

8. അഡ്മിഷൻ ലഭിക്കാത്തവർക്ക് നിബന്ധനകൾക്ക് വിധേയമായി ഫീസ് തിരികെ ലഭിക്കുന്നതാണ്. ഇതിനായി വെബ്സൈറ്റിൽ/അഡ്മിഷൻ പോർട്ടലിൽ ലഭ്യമാക്കിയിട്ടുള്ള സൗകര്യം ഉപയോഗിച്ച് പ്രത്യേക അപേക്ഷ നൽകേണ്ടതാണ്. അപേക്ഷകന്റെ സ്വന്തംപേരിലുള്ള ശരിയായ അക്കൗണ്ട് വിവരങ്ങൾ നൽകാൻ

പ്രത്യേകം ശ്രദ്ധിക്കുമല്ലോ. അക്കൗണ്ട് വിവരങ്ങളിലെ പിഴവ് മൂലമോ ബാങ്ക് സോഫ്റ്റ് വെയറിലെ തകരാറുമൂലമോ പണം തിരികെ ലഭിക്കാതെവന്നാൽ സർവകലാശാല ഉത്തരവാദി ആയിരിക്കുന്നതല്ല.

9. ഫീസ് സൗജന്യത്തിനർഹതയുള്ള വിഭാഗങ്ങൾ ജാതി, വരുമാനം സംബന്ധിച്ച വിവരങ്ങളും രേഖകളും കൃത്യമായി സമർപ്പിക്കേണ്ടതാണ്. അപേക്ഷ സർക്കാർ അനുവദിക്കാതിരുന്നാൽ പഠിതാവ് യഥാസമയം ഫീസ് ഒടുക്കേണ്ടതാണ്. ശമ്പളമോ സർവീസ് പെൻഷനോ വാങ്ങുന്നവർക്ക് ഫീസ് സൗജന്യത്തിന് അർഹതയില്ല.

10. സർവകലാശാലയുടെ ആസ്ഥാനം കൊല്ലത്താണ്. തലശ്ശേരി, കോഴിക്കോട്, പട്ടാമ്പി, തൃപ്പൂണിത്തുറ എന്നിവിടങ്ങളിലെ മേഖലാകേന്ദ്രങ്ങളിലും (റീജിയണൽ സെന്റർ) കൊല്ലം ആസ്ഥാനമന്ദിരത്തിലും അഡ്മിഷൻ ഓഫീസുകൾ പ്രവർത്തിക്കും.

സൈബർ കൺട്രോളർ